# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 761**

**30.06.2015- ലെ മറുപടി.**

## സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക് | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ മേഖലയിൽ ആവശ്യത്തിന് മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ കഴിയാതിരിക്കുന്നതിന്റെ പ്രമുഖ കാരണം വെളിപ്പെടുത്തുമോ; | (എ) സർക്കാർ മേഖലയിൽ ആവശ്യത്തിനു മെഡിക്കൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) സർക്കാർ മുൻകൈയെടുത്ത് പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പിൽ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാൻ തീരുമാനം എടുത്ത സാഹചര്യം വിശദമാക്കാമോ; | (ബി) ഹരിപ്പാട് സ്ഥാപിക്കുന്ന മെഡിക്കൽ കോളേജ് മാത്രമാണ് ഇപ്രകാരം സ്ഥാപിക്കുന്നത്. നിലവിലെ സാമ്പത്തിക പരിമിതികൾ കാരണമാണ് പ്രസ്തുത തീരുമാനമെടുത്തത്. |
| (സി) പ്രൈവറ്റ് പാർട്ണർഷിപ്പിലൂടെ പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന സർക്കാർ, സഹകരണ മേഖലയിൽ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന മെഡിക്കൽ കോളേജുകൾ ഏറ്റെടുക്കുന്നത് എന്തുകൊണ്ടാണ്; | (സി) കൊച്ചിയിൽ കേപ്പിന്റെ കീഴിലുള്ള സഹകരണ മെഡിക്കൽ കോളേജാണ് സർക്കാർ ഏറ്റെടുത്തത്. പൊതുതാത്പര്യം പരിഗണിച്ചാണ് അത് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചത്. |
| (ഡി) സഹകരണ മേഖലയിലെ ഏതെല്ലാം മെഡിക്കൽ കോളേജുകളാണ് ഏറ്റെടുക്കാൻ സർക്കാർ തത്വത്തിൽ തീരുമാനം എടുത്തിരിക്കുന്നത്; വിശദമാക്കാമോ ? | (ഡി) കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തു കഴിഞ്ഞു. കൂടാതെ പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിന് തത്ത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ